# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 704** | **29/11/2018-ൽ മറുപടിയ്ക്ക്**

### കേരള ബാങ്കിന്റെ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്കിന്റെ രൂപീകരണത്തിലൂടെ സഹകരണ മേഖലയിൽ എന്ത് നേട്ടമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങൾ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനഃക്രമീകരിക്കപ്പെടും.<br><br>ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രാഥമിക സഹകരണ ബാങ്കുളിൽ നിന്നും ഉപഭോക്താക്കൾക്ക് മറ്റ് ഇതരബാങ്കുകളിൽ നിന്നും ലഭിക്കുന്ന എല്ലാ വിധ സേവനങ്ങളും വളരെ ലളിതമായ ചാർജ്ജുകൾ ഈടാക്കിയോ/ചാർജ്ജ് ഇല്ലാതെയോ വളരെ വേഗത്തിലും മെച്ചപ്പെട്ടതുമായി നല്കാൻ കഴിയും. സഹകരണ മേഖലയിൽ വിപ്ലവകരമായ നേട്ടമായിരിക്കും ഇത്.<br><br>ബാങ്കിലെ പലിശ നിരക്കിൽ കുറവുണ്ടാകുന്നതു മൂലം ലോൺ ആകർഷകമാകുന്നതാണ്. DBT/EBT സേവനങ്ങൾ നൽകാൻ കഴിയും. കൂടുതൽ മേഖലയിൽ വായ്പ അനുവദിക്കുന്നതിന് കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പി.എ.സി.എസ്-ന്റെ തരളധനവും മിച്ചഫണ്ടും കേരള ബാങ്കിൽ നിക്ഷേപിക്കുമ്പോൾ ജില്ലാബാങ്ക് നൽകുന്നതിൽ 1.25 ശതമാനം പലിശ കുറവായിരിക്കും കേരള ബാങ്കിൽ നിന്ന് ലഭിക്കുക എന്നത് ശരിയാണോ; പലിശനഷ്ടം ആര് പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പി.എ.സി.എസിന് നിലവിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും യാതൊരു തരത്തിലുള്ള നഷ്ടവും കൂടാതെ തുടർന്നും ലഭ്യമാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | പി.എ.സി.എസ്-ന്റെ നിക്ഷേപകർക്ക് കേരള ബാങ്കിന്റെ എ.ടി.എം. ഉപയോഗിക്കുവാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുവാൻ സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | കേരള ബാങ്കിന്റെ എ.ടി.എം കേരളാ ബാങ്കിന്റെ ഉപഭോക്താക്കൾ ഉപയോഗിക്കുന്ന അതേ രീതിയിൽ പി.എ.സി.എസിന്റെ ഉപഭോക്താക്കൾക്കും ഉപയോഗിക്കുവാൻ കഴിയുംവിധമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പി.എ.സി.എസ്-ന്റെ അംഗങ്ങൾക്ക് അവരുടെ ഓഹരിമൂലധനം എത്ര വർഷം കഴിഞ്ഞാലാണ് തിരികെ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ; | (ഡി) | കേരളാ സഹകരണ നിയമവും ചട്ടങ്ങളും ബൈലാ വ്യവസ്ഥകളും അനുശാസിക്കുന്ന പ്രകാരമാണ് ഓരോ പി.എ.സി.എസും അംഗങ്ങൾക്ക് ഓഹരി തിരികെ നല്കുന്നത്. അല്ലാതെ പ്രത്യേക കാലപരിധിയില്ല. |
| (ഇ) | കേരള ബാങ്കിൽ പി.എ.സി.എസ്. എടുക്കുന്ന ഓഹരി മടക്കിക്കൊടുക്കുക യില്ലെന്നത് ശരിയാണോ; എങ്കിൽ ഇത് ആസ്തി-ബാധ്യത പരിമിതിയിലെ അസന്തുലിതാവസ്ഥയ്ക്ക് കാരണ മാവില്ലേ എന്ന് വ്യക്തമാക്കാമോ; | (ഇ) | കേരളാ ബാങ്കിൽ PACS എടുക്കുന്ന ഓഹരി മടക്കികൊടുക്കുകയില്ല എന്ന തരത്തിൽ യാതൊരു നിയമവും നിലവിലില്ല. ചോദ്യം വ്യക്തമല്ല. |
| (എഫ്) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളോട് ജില്ല സഹകരണ ബാങ്കിനുള്ള പരിഗണന കേരള സഹകരണ ബാങ്കിന് സംസ്ഥാനത്തെ 1624 പി.എ.സി.എസ്-നോടും ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ? | (എഫ്) | കേരള ബാങ്കിന്റെ മുഖ്യ ഓഹരി ഉടമകൾ പി.എ.സി.എസ്. ആയിരിക്കും. പ്രാഥമിക സംഘങ്ങൾക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന സേവനങ്ങൾ എല്ലാം കൂടുതൽ മികവോടെ തുടർന്നും അനുവദിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ